"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി -പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടകേസിന്റെ വിചാരണയ്ക്കായി സ്ഥാപിച്ച അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തിക, ശിരസ്തദാർ തസ്തികയായി അപ്ഗ്രേഡ് ചെയ്തുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.180/2023/HOME   തീയതി,തിരുവനന്തപുരം, 14-08-2023

---

പരാമർശം:-   1. സ.ഉ.(കൈ)നം. 114/2022/ആഭ്യന്തരം തീയതി 10.06.2022.

2. ഹൈക്കോടതി രജിസ്ട്രാറുടെ 11.08.2022 ലെ ഡി7എ(1)-2501/2017/ഡി II-1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട് അപകട കേസിന്റെ വിചാരണയ്ക്കായി ഒരു അഡീഷണൽ ജില്ലാ & സെഷൻസ് കോടതി (പ്രത്യേക കോടതി) സ്ഥാപിക്കുന്നതിന് അനുമതി നൽകിയും ആയതിലേക്കായി 10 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ടി കോടതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തിക ശിരസ്തദാർ തസ്തികയായി അപ്ഗ്രേഡ് ചെയ്യണമെന്നും ടൈപ്പിസ്റ്റിന്റെ പ്രത്യേക തസ്തിക അനുവദിക്കാത്തതിനാൽ, 2 - ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികകൾ എൽ.ഡി തസ്തികകളായി മാറ്റണമെന്നും ബെഞ്ച് അസിസ്റ്റന്റ് തസ്തികയെ അതേ ശമ്പള സ്കെയിലിൽ തന്നെയുള്ള ക്ലാർക്ക് തസ്തികയായി മാറ്റണമെന്നും അതോടൊപ്പം 8 പുതിയ തസ്തികകൾ കൂടി അനുവദിക്കണമെന്നും പരാമർശ കത്ത് പ്രകാരം ഹൈക്കോടതി രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട് അപകട കേസിന്റെ വിചാരണയ്ക്കായി സ്ഥാപിച്ച അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള

ജൂനിയർ സൂപ്രണ്ട് തസ്തിക, ശിരസ്തദാർ തസ്തികയായി അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്-

രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (E.No.2381679/EXP-D2/90/2023-FIN തീയതി 12.07.2023 പ്രകാരം)

പൊതുഭരണ( എസ്.സി) വകുപ്പ് ( ഇനം. നം. 1711 തീയതി 09/08/2023 പ്രകാരം)

വെബ് & ന്യൂ മീഡിയ, ഐ &പി.ആർ വകുപ്പ് (ഗവൺമെന്റ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sreekumar S
Date: 16-08-2023 11:16:20

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-08-2023

ഫയൽ നം. സി1/23/2023/ആഭ്യന്തരം. ഇനം നം: 1711

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടക്കേസിന്റെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയുടെ പ്രവർത്തനത്തിനായി തസ്തിക ഉയർത്തി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

1711

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി1/23/2023/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്-ജുഡീഷ്യറി – പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടക്കേസിന്റെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയുടെ പ്രവർത്തനത്തിനായി തസ്തിക ഉയർത്തി നൽകുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/07/2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ബീന പി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ ബിശ്വനാഥ് സിൻഹ, ഐ എ എസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01/08/2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01/08/2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 06/08/2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 08/08/2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടക്കേസിന്റെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയുടെ (പ്രത്യേക കോടതി) പ്രവർത്തനത്തിനാവശ്യമായ തസ്തികമാറ്റം, അപ്ഗ്രേഡേഷൻ, തസ്തികകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് കേരള ഹൈക്കോടതി രജിസ്ട്രാറുടെ പ്രൊപ്പോസൽ സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) സ.ഉ.(കൈ) നമ്പർ 114/2022/ആഭ്യന്തരം തീയതി 10.06.2022 പ്രകാരം പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട് അപകട കേസിന്റെ വിചാരണയ്ക്കായി താഴെപ്പറയുന്ന 10 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഒരു അഡീഷണൽ ജില്ലാ & സെഷൻസ് കോടതി (പ്രത്യേക കോടതി) സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു, കൂടാതെ കോടതി സ്ഥാപിതമായതിന് ശേഷം "കുടുംബശ്രീ" യിൽ നിന്ന് ഒരു സ്വീപ്പറുടെ സേവനം ലഭ്യമാക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ജഡ്ജി (ഡിസ്ട്രിക്റ്റ് & സെഷൻസ്) | 1 |
| 2 | ജൂനിയർ സൂപ്രണ്ട് | 1 |
| 3 | ബെഞ്ച് ക്ലാർക്ക് | 1 |
| 4 | ബെഞ്ച് അസിസ്റ്റന്റ് | 1 |
| 5 | എൽഡി ക്ലാർക്ക് | 1 |
| 6 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 7 | ക്ലാർക്ക് കം ടൈപ്പിസ്റ്റ് | 2 |
| 8 | കോർട്ട് കീപ്പർ | 1 |
| 9 | ഓഫീസ് അറ്റൻഡന്റ് | 1 |
| | ആകെ | 10 |

3) ശിരസ്തദാർ, ഹെഡ് ക്ലാർക്ക്, 1 – സീനിയർ ക്ലാർക്ക്, 2 – ക്ലാർക്ക് തസ്തികകൾ, 2- യു.ഡി. ടൈപ്പിസ്റ്റ്, 2- എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകൾക്ക് പകരം, മുകളിൽ വിശദീകരിച്ചതുപോലെ 10 തസ്തികകളാണ് സർക്കാർ സൃഷ്ടിച്ചതെന്നും, ക്ലാർക്ക് കം ടൈപ്പിസ്റ്റ്, ബെഞ്ച് അസിസ്റ്റന്റ് എന്നീ തസ്തികകൾ സബോർഡിനേറ്റ് ജുഡീഷ്യറിയുടെ ക്രിമിനൽ വിഭാഗത്തിന്റേതാണ്, ഈ തസ്തികകൾ പ്രസ്തുത കോടതിയിൽ ഉപയോഗിക്കാൻ കഴിയില്ലായെന്നും, നിലവിൽ സർക്കാർ ഒരു ഡഫെദാർ തസ്തികയും ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയും അനുവദിച്ചിട്ടില്ലയെന്നും, ഹൈക്കോടതിയിൽ നിന്നും ആവശ്യപ്പെട്ട 3 ഓഫീസ് അറ്റൻഡന്റ് തസ്തികകൾക്ക് പകരം ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക മാത്രമേ അനുവദിച്ചിട്ടുള്ളൂയെന്നും 11.08.2022 ലെ കത്തിൽ ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത കത്തിൽ ഹൈക്കോടതി രജിസ്ട്രാർ ചുവടെ ചേർക്കും പ്രകാരമുള്ള ശിപാർശകളും സമർപ്പിച്ചിട്ടുണ്ട്.

എ) ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയെ ശിരസ്തദാർ തസ്തികയിലേക്ക് അപ്ഗ്രേഡ് ചെയ്യണം;

ബി) ടൈപ്പിസ്റ്റിന്റെ പ്രത്യേക തസ്തിക അനുവദിക്കാത്തതിനാൽ, 2 - ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികകൾ 2 - എൽ.ഡി തസ്തികകളായി മാറ്റണം. ബെഞ്ച് അസിസ്റ്റന്റ് തസ്തികയെ അതേ ശമ്പള സ്കെയിലിൽ തന്നെയുള്ള ക്ലാർക്ക് തസ്തികയായി മാറ്റണം

സി) ശേഷിക്കുന്ന 8 തസ്തികകൾ, അതായത് 1 - ഹെഡ് ക്ലാർക്ക് തസ്തിക, 1- സീനിയർ ക്ലർക്ക്, 2- യു.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ, 1 - ഡഫെദാർ, 2 - ഓഫീസ് അറ്റൻഡന്റ് തസ്തികകൾ, 1 - പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ പുതുതായി അനുവദിക്കണം.

4) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

***"Finance agrees to upgrade the post of Junior Superintendent to the post of Sheristadar.Administrative Department is also requested to take necessary action to recruit the other essential posts on daily wage basis in consultation with FD.***

***This has the approval of Hon'ble Minister for Finance"***

5) ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട സംഗതി**

10.06.2022 ലെ സ.ഉ(കൈ) നമ്പർ 114/2022/ആഭ്യന്തരം (അനുബന്ധം) പ്രകാരം അനുവദിച്ച ജൂനിയർ സൂപ്രണ്ട് തസ്തികയെ ശിരസ്തദാർ തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകാമോ?

YEARS OF CELEBRATING THE MAHATMA

# GOVERNMENT OF KERALA

## Abstract

Home Department - Judiciary - Judgment in Suo Motu proceedings initiated on the issue of fire works tragedy in Puttingal Devi Temple, Paravur, Kollam as WP(C)No.14978/2016 and connected cases- complied with - Orders issued.

## HOME (C) DEPARTMENT

G.O.(Ms)No.114/2022/HOME Dated,Thiruvananthapuram, 10-06-2022

Read: 1 Judgment dated 01.11.2021 of Hon'ble High Court of Kerala, Ernakulam in WP(C)No.14978/2016 and connected cases.

2 Letter No.D7A(1)-2501/2017 dated 26.10.2021 of the Registrar General, High Court of Kerala, Ernakulam.

## ORDER

In the judgment read as 1st paper above the Hon'ble High Court of Kerala has directed the Chief Secretary to the Government to act on the letter dated 26.10.2021 of the Registrar General, High Court of Kerala, forthwith, and grant administrative sanction for the establishment of Special Court (Additional District and Sessions Court), for the trial of Puttingal Devi Temple fireworks mishap case.

2. The Registrar General, High Court as per letter read as 2nd paper above has submitted a proposal for the establishment of an Additional District & Sessions Court (Special Court) for the trial of Puttingal Devi Temple Fireworks mishap case with a staff pattern of 18 for functioning.

3. Government have examined the matter in detail and are pleased to accord Administrative Sanction for the establishment of an Additional District & Sessions Court (Special Court) for the trial of Puttingal Devi Temple Fireworks mishap case by creating the following 10 posts and also granted permission to avail the service of a sweeper from "Kudumbasree" after the establishment of the court.

| Sl.No | Name of posts | Number of posts |
|---|---|---|
| 1 | Judge (District and Sessions) | 1 |
| 2 | Junior Superintendent | 1 |
| 3 | Bench Clerk | 1 |



Generated from eOffice by ANULEKHA V.M, ASST (C1) HOME, ASST (C1) HOME, HOME on 06/02/2023 10:07 AM

G.O.(Ms)No.114/2022/HOME

| | | |
|---|---|---|
| 4 | Bench Assistant | 1 |
| 5 | LD Clerk | 1 |
| 6 | Confidential Assistant | 1 |
| 7 | Clerk cum Typist | 2 |
| 8 | Court Keeper | 1 |
| 9 | Office Attendant | 1 |
| | Total | 10 |

4. The judgment of the Hon'ble High Court in WP(C)No.14978/2016 and connected cases is here by complied with.

(By order of the Governor)
T K JOSE
ADDITIONAL CHIEF SECRETARY

To:
The Registrar General, High Court of Kerala, Ernakulam (with C/L).
The Principal Accountant General (Audit) Kerala, Thiruvananthapuram.
The Accountant General (A&E ) Kerala, Thiruvananthapuram.
Finance Department (vide No.1987295/Exp-B2/29/2022-Fin
dated 31.03.2022)
Law Department
General Administration (SC) Department (Vide item No.788)
Web & New Media, I&PRD (for uploading in the Government website).
Stock File / Office Copy.

Forwarded /By order
Signed by Usha P Y
Date: 10-06-2022 13:17:59
Section Officer



Generated from eOffice by ANULEKHA V.M, ASST (CI) HOME, ASST (CI) HOME, HOME on 06/02/2023 10:07 AM